Prot.No.MPL : 81/19/34/4

# ഇടയലേഖനം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യങ്ങളിലൊന്നാണ് വിശ്വാസപ്രഘോഷണം. നമ്മുടെ കർത്താവ് നമ്മെ ഭരമേല്പിച്ച ദൗത്യം ഇതാണ്. ‘‘ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ’’ (മത്തായി 28:19–20). സുവിശേഷം എത്താത്ത ഇടങ്ങളിൽ പ്രേഷിതപ്രവർത്തനമായും സുവിശേഷത്തെ സ്വീകരിച്ചവർക്കിടയിൽ വിശ്വാസപരിശീലനമായും സഭ അത് നിർവ്വഹിക്കുന്നു. മുതിർന്നവരുടെ വിശ്വാസപരിശീലനത്തിന് നമ്മൾ ധ്യാനങ്ങളും വചനപ്രഘോഷണങ്ങളും ക്രമീകരിക്കുമ്പോൾ കുട്ടികളുടെയും ചെറുപ്പക്കാരുടെയും വിശ്വാസരൂപീകരണത്തിന് സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങളെയാണ് നാം ഉപാധിയാക്കുന്നത്.

എന്താണ് സൺഡേ സ്കൂളിലൂടെ നല്കുന്ന വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം. ഓരോ കുട്ടിയും ഈശോയെ കണ്ടെത്തുക. അങ്ങനെ ഓരോ വ്യക്തിയും വളർന്നുവരുമ്പോൾ ഈശോയിൽ രൂപപ്പെട്ടവരാവുക. വിശുദ്ധ പൗലോസ് പറയും: ‘‘എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു’’(ഗലാത്തിയ 4:19). ക്രിസ്തുശിഷ്യത്വം വളർത്തി കാലത്തിനും ദേശത്തിനും യോജിച്ച മിഷനറിമാരായി ഓരോ കുഞ്ഞും രൂപപ്പെടണം എന്ന് ഓരോ മാതാപിതാക്കളും ആഗ്രഹിക്കണം. അതാണ് നമ്മുടെ രൂപതാ വിശ്വാസപരിശീലനത്തിന്റെ ആദർശവാക്യവും.

വേദപാഠം പഠിപ്പിക്കുന്നത് കുടുംബത്തിൽ നല്കേണ്ട വിശ്വാസപരിശീലനത്തിനു പകരമല്ല. തലമുറകളായി നമുക്ക് കൈമാറിക്കിട്ടിയ ക്രിസ്തുവിശ്വാസത്തിന്റെ വെളിച്ചവും സന്മാർഗ്ഗജീവിതത്തിന്റെ വിശുദ്ധപാഠങ്ങളും മാർത്തോമ്മായിലൂടെ ലഭിച്ച

സഭാപൈതൃകങ്ങളും കുടുംബത്തിൽ നിന്നും കൈമാറിക്കിട്ടേണ്ടതാണ്. മാതാപിതാക്കളുടെ വിശ്വാസജീവിതവും മൂല്യബോധവും മുൻഗണനകളുമാണ് മക്കൾ സ്വന്തമാക്കുന്നത് എന്ന് നമ്മൾ തിരിച്ചറിയണം. അതുകൊണ്ട് തന്നെ മാതാപിതാക്കളാണ് കുട്ടികളുടെ പ്രഥമ അധ്യാപകരും വഴികാട്ടികളും. കുടുംബത്തിൽ നിന്നും കൈമാറിയെത്തിയ വിശ്വാസദീപ്തിയെ ഉജ്ജ്വലിപ്പിക്കുകയും പരിപോഷിപ്പിക്കുകയുമാണ് സൺഡേ സ്കൂൾ ചെയ്യുന്നത്. നമ്മുടെ രൂപത മതബോധന വിഭാഗത്തിന്റെ മിഷൻ സ്റ്റേറ്റ്മെന്റ് ഇപ്രകാരമാണ്:

1. To prepare persons to live authentic Christian lives
2. To teach to carry on the Treasury of Faith and Tradition of the Syro Malabar Church
3. To form spiritually, morally, emotionally and socially mature disciples of Jesus our Lord
4. To help persons to live a life of witnessing.

വിശുദ്ധ കുർബാനയിലുള്ള സജീവ പങ്കാളിത്തം, സൺഡേ സ്കൂൾ ടെക്സ്റ്റ്, പഠനവും പരീക്ഷയും, സൺഡേ സ്കൂളിന്റെ വിവിധ കർമ്മപദ്ധതികളിലൂടെ നടക്കുന്ന പരിശീലനങ്ങൾ എല്ലാം ചേരുന്നതാണ്. നമ്മുടെ രൂപതയിലെ സമഗ്രമായ വിശ്വാസപരിശീലനപദ്ധതി. ഏതെങ്കിലും ഒന്ന് ഒഴിവാക്കിക്കൊണ്ടുള്ള പങ്കാളിത്തം കുട്ടികൾക്ക് ശരിയായ രൂപീകരണം നല്കില്ല. വേദപാഠക്ലാസുകളിൽ മാത്രം കുട്ടികളെ വിടുകയും വിശുദ്ധ കുർബാനയിൽ പങ്കെടുപ്പിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണതയെ നാം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

രൂപതയുടെ വിവിധ ഇടവകകളിലും മിഷൻ സ്റ്റേഷനുകളിലുമായി വിശ്വാസപരിശീലനം നല്കിക്കൊണ്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരെയും ഞാൻ ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ സേവനം ദൈവജനത്തിന് വളരെ വിലപ്പെട്ടതാണെന്ന് നിങ്ങളെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. പുതുതലമുറയിൽ വിശ്വാസവും സന്മാർഗ്ഗവും നിലനില്ക്കേണ്ടതിനായി കൂദാശകൾ പരികർമ്മം ചെയ്യുകയും സൺഡേസ്കൂളിന് നേതൃത്വം നല്കുകയും ചെയ്യുന്ന നമ്മുടെ എല്ലാ വികാരിയച്ചന്മാരെയും ഞാൻ അഭിനന്ദിക്കുന്നു. വികാരിയച്ചന്മാരോടൊപ്പം ഇക്കാര്യങ്ങളിൽ മുൻകയ്യെടുക്കുന്ന കൈക്കാരന്മാരെയും കമ്മറ്റി അംഗങ്ങളെയും ഞാൻ ഓർക്കുന്നു. അവർക്കും ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു.

സൺഡേ സ്കൂൾ ഇടവകതലത്തിൽ കൂടുതൽ സജീവമാകണം. ശിശുകേന്ദ്രീകൃതമായ കൂടുതൽ കർമ്മപരിപാടികൾ സൺഡേ സ്കൂളിൽ

നടത്തേണ്ടതുണ്ട്. ഇടവകയുടെ വിശ്വാസപരിശീലനത്തിനായി കൂടുതൽ പണം ചിലവഴിക്കാൻ മാതാപിതാക്കളും ഇടവകകളും ഔദാര്യമനസ്കരാകണം. അതുപോലെ വിശ്വാസപരിശീലനത്തിനും വിശുദ്ധ കുർബാനയ്ക്കുമായി മാറ്റിവയ്ക്കുന്ന സമയം അനുഗ്രഹപ്രദമാണെന്നും നിത്യജീവിതത്തിനു മുതൽകൂട്ടാണെന്നും നമ്മൾ അറിയണം.

സൺഡേസ്കൂളിന്റെ രൂപതാതലപ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ എല്ലാ മാതാപിതാക്കളുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു കുട്ടിക്ക് 5 ഡോളർ വീതം പ്രതിവർഷം രൂപതാകേന്ദ്രത്തിൽ നല്കുകയാണെങ്കിൽ രൂപതാതല നേതൃത്വത്തിന് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള ഫണ്ട് സമാഹരിക്കാൻ സാധിക്കുമെന്ന് ഞാൻ കരുതുന്നു. ഇക്കാര്യത്തിൽ നിങ്ങൾ നിങ്ങളുടെ വികാരിയച്ചന്മാരുമായി സഹകരിച്ച് ഉചിതമായി ചെയ്യുമല്ലോ.

ഇക്കഴിഞ്ഞ കാലയളവിൽ രൂപതാ മതബോധനകേന്ദ്രത്തിന് നേതൃത്വം നല്കിയ ബഹുമാനപ്പെട്ട വർഗീസ് വാവോലിൽ അച്ചന് ഞാൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തന്റെ കർത്തവ്യബാഹുല്യത്തിനിടയിലും കുട്ടികളുടെ വിശ്വാസപരിശീലനകാര്യങ്ങൾക്ക് നേതൃത്വം നല്കാനും അധ്യാപക സെമിനാറുകൾ നടത്താനും അദ്ദേഹത്തിനു കഴിഞ്ഞു. രൂപതാതല പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖയും തയ്യാറാക്കി. വാവോലിൽ വർഗീസ് അച്ചനെയും അച്ചനോട് ചേർന്നുപ്രവർത്തിച്ചവരെയും ഞാൻ അഭിനന്ദിക്കുന്നു.

ഈ വർഷം മുതൽ ബഹുമാനപ്പെട്ട മാത്യു അരീപ്ലാക്കൽ അച്ചനാണ് രൂപതാവിശ്വാസപരിശീലന കേന്ദ്രത്തിന്റെ ചുമതല. അച്ചനോട് ചേർന്നു പ്രവർത്തിക്കാനും വിശ്വാസപരിശീലന പരിപാടികളെ ഊർജ്ജസ്വലമാക്കാനും എല്ലാ അധ്യാപകരെയും മാതാപിതാക്കളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. ദൈവം നമ്മുടെ പരിശീലന പദ്ധതികളെയും അതിൽ പങ്കെടുക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**+ ബോസ്കോ പിതാവ്** 15 ജൂലൈ 2019

NB: ഈ ഇടയലേഖനം 2019 ജൂലൈ 28-ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.